പദ്ധതികൾക്ക് ബജറ്റിൽ അനുവദിക്കുന്ന തുക ജനസംഖ്യാനുപാതികമായി നൽകുവാൻ നടപടി

*15 [225] ശ്രീ. പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ:
,, സി. മമ്മൂട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വകുപ്പിലൂടെയും നടപ്പിലാക്കുന്ന പദ്ധതികൾക്ക് ബജറ്റിൽ അനുവദിക്കുന്ന തുക എല്ലാ ജില്ലകൾക്കും സാദ്ധ്യമാകുന്നത്ര ജനസംഖ്യാനുപാതിക മായി നൽകുവാൻ കഴിഞ്ഞ കാലങ്ങളിൽ എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇത് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ, ബി) ബജറ്റിൽ ഉൾപ്പെടുത്തുകയും വിവിധ വകുപ്പുകൾ മുഖേന നടപ്പാ ക്കുകയും ചെയ്യുന്ന വികസന പദ്ധതികൾ നടപ്പാക്കുന്നതിന് പ്രത്യേകം പ്രത്യേകം മാനദണ്ഡങ്ങളാണുള്ളത്.

ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടാണ് പ്രധാനപ്പെട്ട പദ്ധതികൾക്ക് രൂപം നൽകുന്നത്. ഇവയിൽ, അതാതു പ്രദേശത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥയാണ് പ്രധാനമായും പരിഗണിക്കപ്പെടുന്നത്. വിവിധ പ്രദേശങ്ങൾ തമ്മിലുള്ള സാമ്പത്തികമായ അസന്തുലിതാവസ്ഥ കുറച്ചുകൊണ്ടുവരിക എന്ന ലക്ഷ്യ ത്തോടെയാണ് ഇത്തരമൊരു സമീപനം സ്വീകരിച്ചിട്ടുള്ളത്.

എന്നാൽ ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ തുടങ്ങിയ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന വികസന പദ്ധതികൾക്കുള്ള പദ്ധതി തുക നിശ്ചയിക്കുന്നതിനുള്ള പ്രധാന മാനദണ്ഡം ജനസംഖ്യ യാണ്. (ഈ മാനദണ്ഡങ്ങളും അവയ്ക്കു നൽകിയിരിക്കുന്ന വെയിറ്റേജും അനുബന്ധ ത്തിൽ ചേർത്തിരിക്കുന്നു.)†

(സി) ഇപ്പോൾ ഇത്തരത്തിലുള്ള ഒരു നിർദ്ദേശം പരിഗണനയിലില്ല.

സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വകയിരുത്തിയ തുക

*16 [226] ശ്രീ. പി. സി. ജോർജ്ജ്:
,, രാജു എബ്രഹാം:
,, കെ. രാധാകൃഷ്ണൻ:
,, ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

(എ) 2003-04 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വകയിരുത്തിയ തുക എത്രയാണ്;

(ബി) എതെല്ലാം പദ്ധതികൾക്കുവേണ്ടിയാണ് ഈ തുക വകയിരുത്തിയത്;

(സി) ഈ പദ്ധതികളിൽ ഓരോന്നിലുമായി ലഭിച്ച കേന്ദ്ര സഹായം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കേന്ദ്ര സഹായം പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് വിനിയോഗിക്കാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ;

(എഫ്) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ലക്ഷ്യമിട്ടിരുന്ന തുക സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ജി) കഴിഞ്ഞില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) 2003-04 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 605.54 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

(ബി)

		രൂപ (ലക്ഷത്തിൽ)
1.	കൃഷിയും അനുബന്ധ സർവ്വീസുകളും ..	11536.01
2.	ഗ്രാമ വികസനം ..	548.00
3.	സഹകരണം ..	2844.00
4.	ജലസേചനവും വെള്ളപ്പൊക്ക നിയന്ത്രണവും ..	1087.50
5.	വൈദ്യുതി ..	1000.00
6.	വ്യവസായവും ധാതുക്കളും ..	1877.00
7.	ഗതാഗതവും വാർത്താവിനിമയവും ..	1010.00
8.	ശാസ്ത്ര സർവ്വീസുകളും ഗവേഷണവും ..	20.00
9.	സാമൂഹ്യവും സാമൂഹ്യ സേവനപരവുമായ സർവ്വീസുകൾ ..	37254.55
10.	സാമ്പത്തിക സർവ്വീസുകൾ ..	2055.00
11.	ജനറൽ സർവ്വീസുകൾ ..	1322.40

എന്നീ മേഖലകളിലെ വിവിധ പദ്ധതികൾക്കായിട്ടാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രത്തിലെ വിവിധ മന്ത്രാലയങ്ങളിൽനിന്നും 2003-04-ൽ സംസ്ഥാനത്തിന് 31-10-2003 വരെ ലഭിച്ച തുക ഇപ്രകാരമാണ്: (എ.ജി.-യുടെ താൽക്കാലിക കണക്കുകൾ പ്രകാരം)

LIBRARY ARCHIVES Kerala Legislative Assembly

			രൂപ (ലക്ഷത്തിൽ)	
			ഗ്രാന്റ്	ലോൺ
1.	കൃഷി	..	1814.00	290.00
2.	വനം, പരിസ്ഥിതി	..	377.84	78.46
3.	ആരോഗ്യം, കുടുംബാസൂത്രണം	..	7084.93	
4.	ഹ്യൂമൺ റിസോഴ്സസ് ഡവലപ്മെന്റ്	..	3273.225	
5.	നിയമം	..	149.44	
6.	നോൺ കൺവെൻഷണൽ എനർജി	..	62.00	
7.	ഗ്രാമവികസനം	..	24.87	
8.	ടെക്സ്റ്റൈൽസ്	..	24.13	
9.	നഗര വികസനം	..	79.00	
10.	ജലവിഭവം	..	5.36	
11.	സോഷ്യൽ ജസ്റ്റീസ്	..	11.164	
			12905.959	368.46

മേൽ കാണുന്ന പ്രകാരം 129.06 കോടി രൂപ ഗ്രാന്റായും 3.68 കോടി രൂപ ലോണായും ലഭിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഏറെയും സംസ്ഥാനമാണ് ആദ്യം ചെലവ് വഹിക്കുന്നത്. പിന്നീട് കേന്ദ്രം തിരിച്ചുനൽകുന്നു. പ്രസ്തുത സാഹചര്യത്തിൽ കേന്ദ്ര സഹായം ലഭിച്ചിട്ട് അത് വിനിയോഗിക്കാതിരിക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) സാമ്പത്തിക വർഷം പൂർത്തിയാകാൻ ഇനിയും രണ്ടു മാസം ശേഷിക്കെ ലക്ഷ്യമിട്ടിരുന്ന തുക പൂർണ്ണമായും സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് ഇപ്പോൾ പറയാൻ നിർവ്വാഹമില്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പഴം, പച്ചക്കറി തോട്ടങ്ങൾ

*17 [227] ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മമ്മൂട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. കെ. ബാവ:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം, പച്ചക്കറി എന്നിവയ്ക്ക് അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കുന്നത് ഒഴിവാക്കാൻ സംസ്ഥാനത്ത് ഇവയുടെ കൃഷി വർദ്ധിപ്പിക്കാൻ പദ്ധതികൾ നിലവിലുണ്ടോ;

(ബി) കൃഷി വകുപ്പ് നേരിട്ട് നടത്തുന്ന പഴം, പച്ചക്കറിത്തോട്ടങ്ങൾ സംസ്ഥാനത്തുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly